# മഹത്തായ ഒരു
# തെരഞ്ഞെടുപ്പു ദിനം




## നിങ്ങൾ എങ്ങനെ വോട്ടുചെയ്യും?

**താ**മസ്സിയാതെ തെരഞ്ഞെടുപ്പു വരികയാണ്, സാധാരണപോലെ പ്രചാരണങ്ങളും, പ്രസംഗങ്ങളും, വാഗ്ദാനങ്ങളും, പിരിമുറുക്കവും, ഉത്ക്കണ്ഠയും എല്ലാം ഉണ്ട്. ആരായിരിക്കും ജയിക്കുക?

## സുപ്രധാന തെരഞ്ഞെടുപ്പ് - അപ്പോൾ

2000 വർഷങ്ങൾക്കുമുമ്പ് യെരുശലേമിലുണ്ടായ ഒരു വലിയ ചോദ്യമാണിത്. എന്തൊരു ജനക്കൂട്ടം, എന്തൊരു ആകാംക്ഷ! ഏതു രാഷ്ട്രീയ തെരഞ്ഞെടുപ്പിനേക്കാളും പ്രാധാന്യമേറിയ ഒരു തെരഞ്ഞെടുപ്പു ജനങ്ങൾക്കു നടത്തേണ്ടിയിരുന്നു — ഫലം നിത്യമായ പ്രത്യാഘാതങ്ങൾ ഉളവാക്കുന്നതാണ്.

പലസ്തീനിലെ ഗവർണ്ണറായിരുന്ന പീലാത്തോസ് ഉൽസവകാലത്ത് എല്ലാവർഷവും ഒരു തടവുകാരനെ വിട്ടയക്കുന്ന പതിവുണ്ടായിരുന്നു. യേശുക്രിസ്തുവിനേയോ, ബറബ്ബാസ് എന്ന ദുഷ്പ്രവൃത്തിക്കാരനായ ജയിൽ പുള്ളിയേയോ, ആരെ വിട്ടയക്കണം എന്ന് പീലാത്തോസ് ഒരു വോട്ടെടുപ്പു നടത്തി. ബറബ്ബാസ് കൊലപാതകത്തിനു ശിക്ഷയനുഭവിക്കുമ്പോൾ, യേശു മനസ്സലിവുള്ളവനും ജനങ്ങളുടെ ആവശ്യങ്ങൾ നടത്തിക്കൊടുക്കുന്നവനുമായിരുന്നു. അത്ഭുതമെന്നു പറയട്ടെ, യേശുവിനേയല്ല അവർ ബറബ്ബാസിനെയാണു തെരഞ്ഞെടുത്തത്. അവർ അലറിപ്പറഞ്ഞത്, ‘‘അവനെ ക്രൂശിക്ക്!’’ എന്നാണ്. ബറബ്ബാസിനെ സ്വതന്ത്രനായി വിട്ടയക്കണമെന്ന് അവർ നിർബന്ധിച്ചു (മത്തായി 27:21-23).

അവരുടെ മനസ്സ് ഉറച്ചിരുന്നതിനാൽ പീലാത്തോസ് അവരുടെ ആവശ്യത്തിനുവഴങ്ങി,ബറബ്ബാസിനെ വിട്ടയക്കുകയും, യെരുശലേമിനു വെളിയിലുള്ള കാൽവറിക്കുന്നിൽ യേശുവിനെ ഒരു കുരിശിൽ കയറ്റി ആണി തറയ്ക്കുകയു ചെയ്തു.



## സുപ്രധാന തീരുമാനം - ഇപ്പോൾ

അത് വളരെ മോശമായ ഒരു തെരഞ്ഞെടുപ്പായിരുന്നു! തന്റെ സ്വന്തം പ്രിയ പുത്രനെ കൊലപ്പെടുത്തിയ — ഭയാനകമായ ആ പ്രവൃത്തിയെ ദൈവം മറന്നില്ല. നമ്മിൽ ഓരോരുത്തരും ദൈവമുമ്പാകെനിന്ന്, ഒരുനാൾ തന്റെ പുത്രനോടു ചെയ്ത നമ്മുടെ പ്രവൃത്തികൾക്കു കണക്കു കൊടുക്കേണ്ടിവരും — തന്നെ കൊലചെയ്തവർ മാത്രമല്ല, പിന്നീടു ജീവിച്ചിരുന്നിട്ടുള്ള ഓരോരുത്തരും.

നിങ്ങളുടെ തെരഞ്ഞെടുപ്പ് എന്താണ്? നിങ്ങൾ ദൈവപുത്രനെ സ്വീകരിക്കുമോ, തിരസ്ക്കരിക്കുമോ? ‘‘ഞാൻ, നിഷ്പക്ഷമാണ്, ഞാൻ അനുകൂലമോ പ്രതികൂലമോ അല്ല’’ എന്നു നിങ്ങൾ പറഞ്ഞേക്കാം. ഗവർണ്ണറായ പീലാത്തോസ് അതു പരീക്ഷിച്ചതാണ്, കാര്യം നടന്നില്ല; നിങ്ങളുടെ കാര്യത്തിലും അതു നടപ്പാകയില്ല, എന്നു മാത്രമല്ല എനിക്കോ മറ്റാർക്കുമോ അതു സാദ്ധ്യമാകയുമില്ല.

ചിലർ കരുതുന്നത് യേശു ഈ കാലത്താണു ജീവിച്ചിരുന്നതെങ്കിൽ കൂടുതൽ മെച്ചമായ പെരുമാറ്റം ലഭിക്കുമായിരുന്നു എന്നാണ്. എന്നാൽ കൂടുതൽ ആളുകൾക്കും താല്പര്യം, വിനോദവും, പണവും, പ്രസിദ്ധിയും എന്നുമാത്രമല്ല മതഭക്തിപോലുമാണ്. ദൈവത്തോടും, അവിടുത്തെ പുത്രനോടും തീരെ താല്പര്യമില്ല. അവിടുന്ന് ക്രൂശിക്കപ്പെട്ടത് എന്തിനെന്നോ, സ്വർഗ്ഗത്തിൽ പോകുന്നതിനുള്ള നിബന്ധനകൾ എന്തൊക്കെയെന്നോ ആലോചിക്കുന്നില്ല.

ദൈവത്തിനെതിരെ വോട്ടു ചെയ്യുന്നത് വിഡ്ഢിത്തമല്ലേ? നിങ്ങൾ ഇന്നു രാത്രി മരിച്ചാൽ എന്തു സംഭവിക്കും. മരിക്കാത്ത നിങ്ങളുടെ ആത്മാവ് എവിടേക്കായിരിക്കും പോകുക?

ചെന്നെത്താവുന്ന സ്ഥലങ്ങൾ, ഇവ രണ്ടിൽ ഒന്നു മാത്രമാണ്: സ്വർഗ്ഗം അല്ലെങ്കിൽ നരകം. സ്വർഗ്ഗത്തിലേക്കു ഒരേ ഒരു വഴി മാത്രം! "യേശു പറഞ്ഞു ... ഞാൻ തന്നെ വഴി" (യോഹ 14:6).

"നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിന്റെ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവും ഇല്ല" (അപ്പൊ 4:12).

നമ്മുടെ പാപങ്ങൾ, ഏറെയായാലും, കുറച്ചായാലും, അവ നമ്മെ ദൈവത്തിൽ നിന്നും അകറ്റി നിറുത്തും. എന്നാൽ നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ച്, ദൈവത്തിനു സ്വീകാര്യരാക്കുവാൻ ദൈവം തന്റെ പുത്രനെ നമുക്കു ദാനമായി തന്നു. "അവിടുത്തെ പുത്രനായ യേശുക്രിസ്തുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു" (1 യോഹ 1:7). നാം അനുതപിച്ച് — നമ്മുടെ പാപങ്ങൾ ഏറ്റുപറഞ്ഞ് — യേശുക്രിസ്തുവിനെ സ്വന്തം രക്ഷകനായി സ്വീകരിക്കണം. അപ്പോൾ നാം ചെന്നെത്തുന്നത് സ്വർഗ്ഗത്തിലായിരിക്കുമെന്ന് ഉറപ്പാക്കാം!

## സുപ്രധാന തെരഞ്ഞെടുപ്പ് - നിങ്ങൾക്ക്

ശരിയായ തെരഞ്ഞെടുപ്പു നടത്താൻ പറ്റിയ സമയവും ഇപ്പോഴാണ് — നിത്യമായ പ്രത്യാഘാതങ്ങൾ ഉളവാക്കുന്ന ഒരു തെരഞ്ഞെടുപ്പ്! "ഇത്രവലിയ രക്ഷയെ ഗണ്യമാക്കാതെപോയാൽ നാം എങ്ങനെ തെറ്റി ഒഴിയും?" (എബ്രായർ 2:3).

*പ്രസിദ്ധീകരിക്കുന്നത്:*
**പ്രത്യാശാദീപം,** മേഴ്സി ഹോം
ചേപ്പാട് പി.ഒ., ആലപ്പുഴ ജില്ല - 690 507